LIBRARY ARCHIVES Kerala Legislative Assembly

ഇ.എം.എസ്. പ്രതിമാനിർമ്മാണത്തിന് നൽകിയ ചെമ്പ്

82(298) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഇ.എം.എസ്. പ്രതിമാനിർമ്മാണത്തിനായി എത്ര കിലോ ചെമ്പ് വൈദ്യുതി ബോർഡിൽ നിന്നും നൽകിയിട്ടുണ്ട് ;

(ബി) ഇതിൽ എത്ര കിലോ വിലയ്ക്ക് നൽകിയെന്നും അതിന്റെ വില എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) സൗജന്യമായി നൽകിയ ചെമ്പ് എത്രയെന്ന് വ്യക്തമാക്കാമോ ; ഈ ചെമ്പ് നൽകുമ്പോൾ അതിന്റെ മാർക്കറ്റ് വില എത്രയായിരുന്നു ;

(ഡി) ആരുടെ അപേക്ഷ പ്രകാരമാണ് ഈ ചെമ്പ് നൽകിയതെന്ന് വ്യക്തമാക്കുമോ ;

(ഇ) ചെമ്പ് നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് കിട്ടിയ അപേക്ഷയുടേയും ചെമ്പ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെയും പകർപ്പും മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) 3000 കിലോ സ്ക്രാപ്പ്.

(ബി&സി) മുഴുവനും സൗജന്യമായാണ് നൽകിയത്. ഇതിന്റെ മാർക്കറ്റ് വില ഏകദേശം 2.80 ലക്ഷം രൂപ (രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ)

(ഡി) പൊതു ഭരണ (പൊളിറ്റിക്കൽ) വകുപ്പിൽ നിന്നുമാണ് ആവശ്യപ്പെട്ടത്.

(ഇ) ബന്ധപ്പെട്ട കത്തുകളുടേയും, ബോർഡ് ഉത്തരവിന്റേയും പകർപ്പുകൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഇ.എം.എസ്. പ്രതിമാനിർമ്മാണത്തിന് വൈദ്യുതി ബോർഡ് നൽകിയിട്ടുള്ള സാധനങ്ങൾ

83(299) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. പ്രതിമാനിർമ്മാണത്തിന് സംസ്ഥാന വൈദ്യുതി ബോർഡ് എന്തെല്ലാം സാധനങ്ങൾ വില ഈടാക്കാതെ നൽകിയിട്ടുണ്ട് ;

(ബി) സൗജന്യമായും കുറഞ്ഞ വിലയ്ക്കും എത്ര ടൺ സാധനങ്ങൾ വീതം നൽകിയെന്നും വ്യക്തമാക്കാമോ ;

(സി) സംസ്ഥാന വൈദ്യുതി ബോർഡ് ഇപ്രകാരം സാധനങ്ങൾ നൽകിയ കീഴ്വഴക്കമുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ ?

---

†അനുബന്ധം XX

ഉത്തരം

(എ)	ചെമ്പ് (സ്ക്രാപ്പ്)	3000 കിലോഗ്രാം
	ഈയം (സ്ക്രാപ്പ്)	150 കിലോഗ്രാം
	നാകം	593.40 കിലോഗ്രാം

(ബി) സൗജന്യമായി മേൽപ്പറഞ്ഞ സാധനങ്ങൾ നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കുറവിലങ്ങാട് 66 കെ.വി. സബ്സ്റ്റേഷൻ

84(300) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കുറവിലങ്ങാട് കേന്ദ്രമായി 66 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) സബ്സ്റ്റേഷന്റെ പണി എന്നത്തേയ്ക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതു സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തി സബ്സ്റ്റേഷൻ എത്രയും വേഗം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കുറവിലങ്ങാട് വില്ലേജിൽ 1.82 ഏക്കർ സ്ഥലം അക്വയർ ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ട്. സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. സ്ഥലം അക്വയർ ചെയ്താലുടൻ സബ്സ്റ്റേഷന്റെ പണികൾ ആരംഭിക്കുന്നതാണ്.

തിരൂരങ്ങാടിയിലെ വോൾട്ടേജ് ക്ഷാമം

85(301) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുഎന്ന് വ്യക്തമാക്കാമോ ;

(ബി) തിരൂരങ്ങാടി വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്ന കക്കാട് 33 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണ നടപടി ഏത് ഘട്ടത്തിലെത്തിയെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly